## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 5599 — 29/07/2015 ൽ മറുപടിയ്ക്ക്

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.എസ്.ശബരീനാഥൻ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. സി.പി.മുഹമ്മദ്<br>ശ്രീ. വി.പി.സജീന്ദ്രൻ | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി വിതരണം ചെയ്യുന്നതിലൂടെ എന്തെല്ലാം നേട്ടങ്ങളാണ് കൈവരിച്ചിട്ടുള്ളത് ; | (എ) സമൂഹത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളിൽ ഗുരുതരമായ രോഗങ്ങളാൽ കഷ്ടപ്പെടുന്നവർ, കടൽ ക്ഷോഭംമൂലമുണ്ടാകുന്ന ദുരന്ത ബാധിതർ, ഇടിമിന്നൽ, തീപിടുത്തം എന്നിവ മൂലം നാശനഷ്ടങ്ങൾ നേരിടുന്നവർ, അപകട മരണങ്ങൾക്കിരയാകുന്നവർ എന്നിവർക്ക് സർക്കാരിൻെറ ഒരു ആശ്വാസ ധന സഹായം എന്ന രീതിയിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ചിട്ടുണ്ട്. |
| (ബി) എത്ര കോടി രൂപ ഇതിനായി വിതരണം ചെയ്തിട്ടുണ്ട് ; | (ബി) ഈ സർക്കാരിന്റെ കാലയളവിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ചികിത്സാ സഹായം ഉൾപ്പെടെ വിവിധ ധനസഹായ വിതരണത്തിനായി 3.7.2015 വരെ ആകെ 498,61,38,381/-രൂപ (നാനൂറ്റി തൊണ്ണൂറ്റിയെട്ട് കോടി അറുപത്തി യൊന്ന് ലക്ഷത്തി മുപ്പത്തിയെണ്ണായിരത്തി മുന്നൂറ്റി എൺപത്തിയൊന്ന് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. |
| (സി) ഇതിനായി ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയായിരുന്നു ? | (സി) ബഹു. മുഖ്യമന്ത്രിയുടെ ഓഫീസ്, ബഹു. റവന്യൂമന്ത്രിയുടെ ഓഫീസ്, ജില്ലാ കളക്ടറേറ്റുകൾ എന്നിവിടങ്ങളിൽ സമർപ്പിക്കപ്പെടുന്ന ധനസഹായത്തിനായുള്ള അപേക്ഷകൾ സർക്കാർ തലത്തിൽ പരിശോധിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ബന്ധപ്പെട്ട താലൂക്ക് ഓഫീസുകൾ മുഖേന വിതരണം ചെയ്യുകയും ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ